### മഹാതമാഗാന്ധി  ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

### വാർഡ് നമ്പർ12 നിലയ്ക്കാമുക്ക്

### ചിറയിൻകീഴ് ബ്ലോക്ക്

### തിരുവനന്തപുരം ജില്ല

**25/10/2019  - 27/10/2019**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 13/11/2019**

**കടക്കയ്ക്കാവൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ**

---


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്  നിയമം

സോഷ്യല്     ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ്     നമ്പര്    0471-2724696.Email.keralasocialaudit@gmail.com


---

# ചിറയിൻകീഴ് ബ്ലോക്ക്

# കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 12 നിലയ്ക്കാമുക്ക്

# <u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ</u>

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 200 ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിച്ചു. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008ൽ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

**<u>10 അവകാശങ്ങൾ</u>**

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## ഫയൽ പരിശോധന റിപ്പോർട്ട്

പ്രവൃത്തിയുടെ പേര് : മണ്ണു-ജല സംരക്ഷണം

| ഫയൽ നമ്പർ | പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|---|
| | | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| 50/2018-19 | DP/270704 | 4/10/2018 | 6/12/2018 | 493000 | 452088 |
| 22/2018-19 | DP/262348 | 9/8/2018 | 27/8/2018 | 495000 | 486312 |

പാട്ടകൃഷിയുമായിബന്ധപ്പെട്ട രണ്ട് ഫയലുകളാണ് പരിശോധിച്ചത്. പന്ത്രണ്ടാം വാർഡിൽ 90 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതെങ്കിലും 27 ആക്ടീവ് തൊഴിൽ കാർഡ് കുടുംബങ്ങൾ ആണ് നിലവിലുള്ളത്.

ഇതിൽ ഭൂരിഭാഗം പേർക്കും നൂറു ദിവസത്തെ തൊഴിൽ ലഭിക്കുകയും ചെയ്തു.

- കവർപേജ്

ഫയൽ നമ്പർ 22 /2018 19 കവർപേജ് ഇല്ലായിരുന്നു.

- ചെക്ക് ലിസ്റ്റ്

രണ്ടു ഫയലുകളും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു. എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- ആക്ഷൻ പ്ലാൻ കോപ്പി രണ്ടു ഫയലുകളും ആക്ഷൻ പ്ലാൻ പോപ്പി ഇല്ലായിരുന്നു.

- ഭരണാനുമതി

രണ്ടു ഫയലുകളിലും ഭരണാനുമതി ഉണ്ടായിരുന്നു.

- സാങ്കേതിക അനുമതി രണ്ടു ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

- ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്

രണ്ടു ഫയലുകളും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

⚫ഡിമാൻഡ് ഫോം

രണ്ടു ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

⚫മൂല്യനിർണയ സാക്ഷ്യപത്രം

രണ്ടു ഫയലുകളിലും മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നു.

⚫മസ്റ്റർ റോൾ

രണ്ടു ഫയലുകൾ പരിശോധിച്ചതിൽ ഫയൽ നമ്പർ 50 /2018 19 മസ്റ്റർ റോൾ 142 87, 14 288 എന്നിവയിൽ ടോട്ടൽ തുക എഴുതിയിട്ടില്ലായിരുന്നു .

⚫സൈറ്റ് ഡയറി

സൈറ്റ് ഡയറി രണ്ടു ഫയലുകളിലും ഉണ്ടായിരുന്നു.

⚫വേജ് ലിസ്റ്റ്

രണ്ടു ഫയലുകളിലും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

⚫FTO

രണ്ടു ഫയലുകളിലും FTO ഉണ്ടായിരുന്നു.

⚫ 3 സ്റ്റേജ് ഫോട്ടോഗ്രാഫി 2 ഫയലുകളിലും ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി ഉണ്ടായിരുന്നു.

⚫വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്.

രണ്ടു ഫയലുകളിലും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ലായിരുന്നു.

⚫മെഷർമെൻറ് ബുക്ക്

രണ്ടു ഫയലുകളിലും എം ബുക്കിലെ total തുകയും muster roll total തുകയും തുല്യമായിരുന്നു.

**<u>ഫീൽഡ്  വെരിഫിക്കേഷൻ റിപ്പോർട്ട്</u>**

➡**<u>ഗുണഭോക്താക്കളുടെ പേര്</u>**

1.ശിവരാജൻ മകൻ സോമൻ

2. മാധവൻ മകൻ രാജദത്ത്

3.ശിശുപാലൻ മകൾ ശില്പ

4.വിശ്വനാഥൻ മകൾ രേണുപത്മാലയൻ

5. ചെല്ലപ്പൻ മകൻ രാമചന്ദ്രൻ

6.ഗോപിനാഥൻ മകൾ ബിന്ദു

7.ഗോപിനാഥൻ മകൻ വിജയകുമാർ

8.സുകുമാരൻ മകൻ മഞ്ജു

9. ചതുർഭുജൻ  മകൾ അജിത

10.ഭാസ്കരൻനായർ മകൾ സിന്ധു കുമാരി

11. ഗോപാലപിള്ള മകൻ സാംബശിവൻ

12.ശിവാനന്ദൻ മകൻ ചന്ദ്രഹാസൻ

13.ശ്രീധരൻ മകൻ ശ്രീദത്ത്

14.ശ്രീധരൻ മകൻ ശ്രീദേവ്

15. ശ്രീധരൻ മകൾ ശ്രീലത

16.സുനിത എൻ എസ് പി  ഹൗസ്

17.വാമദേവൻ മകൻ പ്രസാദ് ഭാര്യ സരള

18. ഗോവിന്ദൻ വിശ്വനാഥൻ

19.ശ്രീധരൻ പിള്ള മകൻ അജിത്കുമാർ

20.അച്ചുതൻ മകൻ ഇന്ദ്രസേനൻ

21. കരുണാകരൻ മകൻ ബേബി സരോജ്.

22.ഷംസുധീൻ മകൻ ജമീൻ

23.ഇഖ്ബാൽ

24.ഷാജഹാൻ മകൻ ഷിനു

25.ഷാജഹാൻ മകൻ ഷിമി

26.അബ്ദുൽ ഹാക്ക് മകൾ റീന

2018- 19 കാലയളവിലെ പാട്ട കൃഷിയുമായി ബന്ധപ്പെട്ട 26 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആണ് പണി പൂർത്തീകരിച്ചത്. എസ്റ്റിമേറ്റ് പ്രകാരം പാട്ടകൃഷി നടത്തിയ ഭൂരിഭാഗം പുരയിടങ്ങളിലും വരമ്പ് എടുത്തിരിക്കുന്നതും തെങ്ങ്, വാഴ, മരച്ചീനി, ചേന, ഇഞ്ചി തുടങ്ങിയവ കൃഷി ചെയ്തിരിക്കുന്നത് കാണാൻ സാധിച്ചു. പുരയിടങ്ങൾ ചിലത് കാടുകയറിയ അവസ്ഥയിൽ ആയിരുന്നു. ഒരു പുരയിടങ്ങളിലും CIB കാണാൻ സാധിച്ചില്ല.

**<u>ഡോർ to ഡോർ വെരിഫിക്കേഷൻ</u>**

തൊഴിലാളികളുമായി സംസാരിച്ചതിൽ നിന്നും അവർക്കുള്ള അവകാശങ്ങളെക്കുറിച്ച് കൃത്യമായ ധാരണ ഇല്ലായിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. തൊഴിൽ ദിനം കൂട്ടണം ശമ്പളം വർദ്ധിപ്പിക്കണം കൃത്യസമയത്ത് ശമ്പളം ലഭ്യമാകണം തുടങ്ങിയവയായിരുന്നു തൊഴിലാളികളുടെ പ്രധാന പരാതികൾ. തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും അവർ ഈ തൊഴിലിൽ പൂർണ്ണസംതൃപ്തരാണെന്നും ഒത്തൊരുമയോടെ കൂടിയാണ് ഈ ജോലി ചെയ്യുന്നതെന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

# <u>ഗ്രാമസഭ റിപ്പോർട്ട്</u>

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

# വാർഡ് നമ്പർ : 12 നിലയ്ക്കാമുക്ക്

# ചിറയിൻകീഴ് ബ്ലോക്ക്

# കടയ്ക്കാവൂർ പഞ്ചായത്ത്

അജണ്ട

**1.**ഈശ്വര പ്രാർത്ഥന **(**തീയതി **: 13/11/2019)**

**2.**അധ്യക്ഷയെ തിരഞ്ഞെടുപ്പ് **(**സമയം**:2:00pm)**

3.സ്വാഗതം

**4.**റിപ്പോർട്ട് അവതരണം

**5.**ചർച്ച

**6.**തീരുമാനം

**7.**കൃതജ്ഞത

**13/11/2019** കടയ്ക്കാവൂർ പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് വാർഡ് **12** നിലയ്ക്കാമുക്ക്**,** സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി**.** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം **2018- 19** വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയിലെ പ്രധാന നിർദ്ദേശങ്ങളുംതുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറുപ്പ്**.**

തൊഴിലുറപ്പ് പദ്ധതിയിൽ പദ്ധതിയിലെ **18** തൊഴിലാളികളിൽ ഗ്രാമസഭയിൽ എത്തിയതിൽ

**100** ദിവസം തൊഴിൽ ചെയ്ത് ചെയ്ത് ഒരു വ്യക്തിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു ശ്രീമതി ഇന്ദിരയെ ആണ് അധ്യക്ഷ ആയി തിരഞ്ഞെടുത്തത്. ഈശ്വര പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. സ്വാഗതം പറഞ്ഞത് മെമ്പർ ശ്രീമാൻ എസ്.കൃഷ്ണകുമാർ ആയിരുന്നു. തുടർന്ന് വി ആർപി നന്ദിനി പ്രതിജ്ഞപറഞ്ഞുകൊടുക്കുകയും എല്ലാവരും ഏറ്റു ചൊല്ലുകയും ചെയ്തു. വി ആർ പി അരണ്യ പത്ത് അവകാശങ്ങൾ പറഞ്ഞുകൊടുക്കുകയും vrp സുജി വിശദികരിക്കുകയും ചെയ്തു. തൊഴിൽ ആസൂത്രണം ചെയ്യുന്ന രീതിയും തൊഴിലാളികൾക്ക് വിശദീകരിച്ച് പറഞ്ഞുകൊടുത്തു. തൊഴിലിനുവേണ്ടി അപേക്ഷിക്കേണ്ടത് ഫ്രണ്ട് ഓഫീസ് വഴിയാണെന്നും ഫ്രണ്ട് ഓഫീസിൽ നിന്ന് തരുന്ന കൈപ്പറ്റ് രസീത് സൂക്ഷിച്ചു വയ്ക്കുകയും ചെയ്യണമെന്ന് പറഞ്ഞു. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ കൈപ്പറ്റ് രസീത് ഉപയോഗിച്ച തൊഴിലില്ലായ്മ വേതനത്തിനു അപേക്ഷിക്കുവാനും അതിലൂടെകൂലിയുടെ നാലിലൊന്ന് ലഭ്യമാക്കാനും കഴിയുമെന്നും തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരമായി കൂലിയുടെ 0.05 ശതമാനം ലഭിക്കുമെന്നും വിശദീകരിച്ചുകൊടുത്തു. പത്ത് അവകാശങ്ങൾ വിശദീകരിക്കുന്നതിന് ഇടയിൽ ഒരു തൊഴിലാളി പരാതി പറയുകയുണ്ടായി തൊഴിൽ ചെയ്യുന്നതിനിടയിൽ പരിക്കുപറ്റി എന്നാൽ അതിനുള്ള നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന്. തുടർന്ന് അവകാശങ്ങൾ പൂർത്തീകരിച്ച് വി ആർപി പ്രണവിക റിപ്പോർട്ട് അവതരിപ്പിച്ചു.

**ചർച്ച**

ഗ്രാമസഭ കരട് റിപ്പോർട്ടിനെ തുടർന്ന് ഉണ്ടായ ചർച്ചയിൽ എല്ലാ തൊഴിലാളികളും പങ്കെടുത്തു. ചർച്ചയ്ക്കിടയിൽ തൊഴിലാളികളിൽ ഒരാളായ ഇന്ദിര ശമ്പളം കൃത്യമായി കിട്ടണം എന്ന് ആവശ്യപ്പെട്ടു. മീര :100 ദിവസത്തെ പണി പൂർത്തീകരിച്ചിട്ടും 1000 രൂപ ബോണസ് കിട്ടിയിട്ടില്ല എന്ന് പരാതിപ്പെട്ടു. അതിനു മറുപടിയായി ഓവർസിയർ രാജീവ് പറഞ്ഞു കടയ്ക്കാവൂർ പഞ്ചായത്ത് ഫണ്ട് വന്നില്ല എന്നും അതിനാലാണ് രൂപ ലഭിക്കാൻ താമസിക്കുന്നത് എന്നും പറഞ്ഞു. കൂടാതെ ഫണ്ട് വന്നു കഴിഞ്ഞാൽ ഉടനെ അക്കൗണ്ടിൽ പൈസ വരും എന്ന് പറഞ്ഞു. BRP ശ്രീജ എന്തുകൊണ്ടാണ് ബോണസ് തുക 1000 രൂപ കിട്ടാത്തത് എന്ന് അന്വേഷിക്കുമെന്ന് പറഞ്ഞു. ചർച്ചയ്ക്കിടയിൽ വി ആർ പി സുജി muster റോളുകളിൽ വെട്ടി തിരുത്തലുകൾ ഉണ്ടാകാതെ നോക്കണം എന്നും ഒപ്പ് ഇടുമ്പോൾ അവരവരുടെ കോളത്തിൽ തന്നെ അറ്റൻഡൻസ് രേഖപ്പെടുത്തണമെന്നും പറഞ്ഞുകൊടുത്തു.

തൊഴിൽ കാർഡുകൾ വൃത്തിയായി തൊഴിലാളികൾ നിർബന്ധമായും സൂക്ഷിക്കണമെന്ന് പറഞ്ഞുകൊടുത്തു. കാടുചെത്തിപ്പറിക്കുന്നതിനു കുറച്ചുകൂടി പൈസ അനുവദിക്കണമെന്ന് തൊഴിലാളികളിൽ ഒരാൾ പറഞ്ഞു. ചെത്തിപ്പറിക്കലിന് പ്രത്യേകം പൈസ അനുവദിച്ചിട്ടില്ല എന്ന് വി ആർ പി സുജി മറുപടിയായി പറഞ്ഞു. തൊഴിലാളികളുടെ ഗ്രാമസഭയിൽ എല്ലാ തൊഴിലാളികളും പങ്കെടുക്കണമെന്ന് ശ്രീമാൻ ഓവർസിയർ രാജീവ് പറഞ്ഞു. തുടർന്ന് തൊഴിലാളികളെല്ലാം റിപ്പോർട്ട് കയ്യടി പാസാക്കി. സോഷ്യൽ ഓഡിറ്റ് മുഖേന നടത്തിയ നിർദ്ദേശങ്ങൾ എല്ലാം പ്രാവർത്തികമാക്കും എന്ന ഓവർസിയർ രാജീവ് പറഞ്ഞുകൊണ്ട് കൃതജ്ഞത അർപ്പിച്ചു. ദേശിയ ഗാനത്തോട് കൂടി ഗ്രാമസഭ യോഗം അവസാനിച്ചു.

**Vrp നന്ദിനി**

**Vrp പ്രണവിക**

**Vrp പ്രിയങ്ക**

**Vrp ശ്രീവന്ദന**

**Vrp അരണ്യ**

**Vrp രശ്മി**

**Vrp സുജി**

**Vrp ശ്രീനന്ദന**